
# മിഴി

## ഡിജിറ്റൽ മാഗസിൻ



# ജി.എച്ച്.എസ്. ആതവനാട്
# പരിതിയിലെ
# ലിറ്റിൽ കൈറ്റ്സ് സംരംഭം



# ഉള്ളടക്കം

ലേഖനം.. മരത്തിനു പറയാനുള്ളത്

കവിത.. മഴ

കവിത.. ഭാരതം

പാചകം.. അവൽ ഉപ്പുമാവ്

ചിത്രം.. അഭിനവിന്റെ വര

അനുസ്മരണം.. എന്റെ നാട്

കഥ.. ദൈവത്തിന്റെ വരദാനം

# മരത്തിന്പറയാനുള്ളത്

ഞാൻ ഒരു മരമാണ്. ഞാൻ ആരെയും ദ്രോഹിക്കാറിതല്ല. ഞാൻ എല്ലാവർക്കും തണല് നല്കുന്നു. പിന്നെ ഭക്ഷണം പാകം ചെയ്യുമ്പോൾ ഞാൻ പുറംതള്ളുന്ന ഓക്സിജൻ ജീവജാലങ്ങൾ ശ്വസിക്കുന്നു. ഞാൻ മണ്ണിനെ ഭൂമിയിൽ ഉറപ്പിച്ചു നിർത്തുന്നു. ഭക്ഷണം നൽകുന്നു എന്നിട്ടും മനുഷ്യൻ എന്തിനാ എന്നെ നശിപ്പിക്കുന്നത്. ഞാൻ നിങ്ങളെ ദ്രോഹിക്കുന്നില്ലല്ലോ.

# മഴ

അടുക്കള വാതിൽ
തുറക്കെ
ഞാൻ കണ്ടു
വെള്ളി കിരണങ്ങൾ.....
അതിൽ തീർത്തുല്ലസിച്ചു
കളിക്കാൻ
മോഹം
ഇതാണെൻ സ്വപ്നലോകത്തെ
മഴ......


# ഭാരതം

നന്മകള് പൂക്കുന്ന നാടാണ് ഭാരതം

സൗഹൃദം മേടാണ് ഭാരതം

ഹിന്ദുവും മുസ്ലീമും ക്രിസാത്യാനിയുമൊരുമയില്

കഴിയുന്ന വീടാണീ ഭാതതം



# അവൽ ഉപ്പ്മാവ്

## ചേരുവകൾ

അവൽ, എണ്ണ, കടുക് , കടലപരിപ്പ്, ഇഞ്ചി,

പച്ചമുളക്

## തയ്യാറാക്കുന്ന വിധം

ഒരു കപ്പ് അവൽ കഴുകി വാരി മാറ്റി വയ്ക്കുക

ചീനച്ചട്ടി അടുപ്പത്ത് വച്ച് ചൂടാകുംപോൾ എണ്ണ

ഒഴിച്ച് അതിൽ കടുകിട്ട് പൊട്ടിക്കുക. എന്നിട്ട്

സവാള , ഇഞ്ചി, പച്ചമുളക്, കടലപരിപ്പ്

എന്നിവ ചേർത്ത് വഴറ്റി പാകമാവുംപോൾ

മാറ്റി വച്ച അവലും ഉപ്പും ചേർത്ത് അഞ്ച്

മിനിറ്റ് അടച്ച് വച്ച് വേവിക്കുക.

അവൽ ഉപ്പ്മാവ് റെഡി



# ഡിജിറ്റൽ മാഗസിൻെ്റ പണിപ്പുരയിൽ

# അഭിനവിൻെറ വര



# എൻെറ നാട്

പഴമയുടെ വസന്തങ്ങളോടെ ഉദിച്ചുയരുന്ന
നാടാണ് ആതവനാട്.  പാറപ്പിളർപ്പിലേക്ക് ഭൂമി
കുലുക്കിക്കൊണ്ട് ഗർജിച്ചുകൊണ്ടും വീഴുന്ന
ജലപാളി വിടർത്തിക്കാണിച്ച് നമ്മെ
നടുക്കികൊണ്ടും സ്വയം അവിശ്വസനീയമായ
കാഴ്ചയാണ് അയ്യപ്പനോവ് വെള്ളച്ചാട്ടം .
മത്സ്യങ്ങളേയും മേഘങ്ങളേയും പക്ഷികളേയും
സൂര്യനേയും നക്ഷത്റങ്ങളേയും നിഴലിപ്പിച്ചും
വിശാലമായി ഒഴുകി വരുന്ന മഹാഅരുവി ഒരു
നിമിഷം കൊണ്ട് തകിടം മറിഞ്ഞ് താഴെ
കരിമ്പാറകളിൽ പുകഞ്ഞുകൊണ്ടു കുത്തനെ
കുതിച്ചുയരുന്ന ധവളഭിത്തിയായി മാറുന്നു.
പച്ചപ്പു നിറഞ്ഞ പാടവും അതിൻ്റ നടുവിലൂടെ
ഒഴുകുന്ന തോടും കുളങ്ങളും പക്ഷികളും മൃഗങ്ങളും
മറ്റുള്ളവർക്കും ഇതൊരു സ്വപ്നമാണ്....

# ദൈവത്തിൻ്റ വരദാനം

**ദൈവത്തിൻ്റ വരദാനമെന്നത് (പകൃതി തന്നെയാണ്.
നേരം പുലരുംപോൾ ഉദിച്ചുവരുന്ന സൂര്യനും കിളികളുടെ മധുരമായ പാട്ടുകളും നീലക്കുടവിരിച്ച് നില്ക്കുന്ന ആകാശവും അതിലൂടെ പറന്നുകളിച്ചു നടക്കുന്ന പക്ഷികളും തലയാട്ടികൊണ്ട് പുഞ്ചിരിച്ചു നില്ക്കുന്ന പൂക്കളും പൂക്കളുടെ തേൻ നുകരാൻ എത്തുന്ന വർണ്ണ ചിറകുള്ള പൂമ്പാറ്റകളും നിറഞ്ഞ (പകൃതിയെകാണാൻ എ(ത സുന്ദരമാണ്**

# ആതവനാടിൻ്റ അഭിമാനം
# ഹിമാലയം കീഴടക്കിയ വനിത



# കർഷകനെ ആദരിക്കൽ

